സാഫല്യം പദ്ധതിയുടെ വിപുലീകരണം

189 (3343) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടിയുള്ള 'സാഫല്യം' പദ്ധതിയുടെ വിപുലീകരണം ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള വിപുലീകരണമാണ് നടപ്പാക്കുകയെന്ന് വിശദമാക്കുമോ;

(സി) നിലവിലെ പദ്ധതിപ്രകാരം എത്ര ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; അതിനായി ഒട്ടാകെ എത്ര തുക ചെലവായിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളുടെ നിർമ്മാണം 30-6-2015-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ 115.17 ലക്ഷം രൂപ ഈ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്.

സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരമുള്ള വായ്പ

190 (3344) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വായ്പയെടുത്തവർക്ക് സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ പല ദേശസാൽകൃത ബാങ്കുകളും ഈ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്നതിന് തയ്യാറാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ഉത്തരവ് പ്രകാരമുള്ള സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ബാങ്കുകൾ വായ്പ നിഷേധിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly